പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :1488

06.03.2020 ൽ
മറുപടിയ്ക്ക്

## ഫൈൻ ആർട്സ് കോളേജുകൾ

*ചോദ്യം*
ശ്രീ.പി.വി. അൻവർ

*ഉത്തരം*
ഡോ.കെ.ടി.ജലീൽ
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഏതൊക്കെ ജില്ലകളിലാണ് ഫൈൻ ആർട്സ് കോളേജുകൾ പ്രവർത്തിക്കുന്നതെന്നും അവ ഏതൊക്കെയെന്നും ഏതൊക്കെ നിയോജകമണ്ഡലത്തിലാണ് അവ പ്രവർത്തിക്കുന്നതെന്നും അറിയിക്കാമോ; | (എ) | സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മൂന്ന് ഫൈൻ ആർട്സ് കോളേജുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1)ഫൈൻ ആർട്സ് കോളേജ്, തിരുവനന്തപുരം, തിരുവനന്തപുരം ജില്ല, തിരുവനന്തപുരം നിയോജകമണ്ഡലം.<br>2)രാജാ രവി വർമ്മ ഫൈൻ ആർട്സ് കോളേജ്, മാവേലിക്കര, ആലപ്പുഴ ജില്ല, മാവേലിക്കര നിയോജകമണ്ഡലം.<br>3)ഫൈൻ ആർട്സ് കോളേജ്, തൃശ്ശൂർ, തൃശ്ശൂർ ജില്ല, തൃശ്ശൂർ നിയോജകമണ്ഡലം. |
| (ബി) | കലാഭിരുചിയും നൈപുണ്യവുമുള്ള ഒട്ടനവധി വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെടുന്ന തരത്തിൽ മലപ്പുറം ജില്ലയിലെ നിലമ്പൂർ ആസ്ഥാനമാക്കി സർക്കാർ ഫൈൻ ആർട്സ് കോളേജ് സ്ഥാപിക്കുന്നതിന് അഞ്ചേക്കർ ഭൂമി സൗജന്യമായി നൽകിയാൽ കോളേജ് സ്ഥാപിക്കുന്നതിന് | (ബി) | ഇതു സംബന്ധിച്ച് പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | | |
| (സി) | ഫൈൻ ആർട്സ് കോളേജുകളിൽ പരമ്പരാഗത കോഴ്സുകൾക്ക് പുറമെ ആധുനിക സാങ്കേതിക സാധ്യതകൾ പ്രയോജനപ്പെടുത്തുന്ന പുത്തൻ തലമുറ കോഴ്സുകൾ ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ? | (സി) | സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഫൈൻ ആർട്സ് കോളേജുകളിൽ ആധുനിക സാങ്കേതിക സാധ്യതകൾ പ്രയോജനപ്പെടുത്തുന്ന അപ്ലൈഡ് ആർട്സ് (പ്രായോഗിക കല) എന്ന കോഴ്സ് നിലവിലുണ്ട്. പുത്തൻ തലമുറ കോഴ്സുകൾ ആവിഷ്കരിക്കുന്നതിന് പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ